*"ഭരണഭാഷ–മാതൃഭാഷ"*

## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – ഈരാറ്റുപേട്ട നഗരസഭ പെട്രോൾ പമ്പ് കെട്ടിടനിർമ്മാണം – ലേ–ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. ഈരാറ്റുപേട്ട നഗരസഭ സെക്രട്ടറിയുടെ 15.06.2021–ലെ E1/2090/21 നമ്പർ കത്ത്.

2. മുഖ്യനഗരാസൂത്രകന്റെ 08.09.2021– ലെ TCPCTP/1521/C3 നമ്പർ കൺകറൻസ് ഉത്തരവ്.

---

ഉത്തരവ് നമ്പർ TCPKTM/294/2021–C/D.Dis തീയതി : **24/09/2021**

---

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട നഗരസഭാ പരിധിയിലുള്ള ഈരാറ്റുപേട്ട വില്ലേജിൽ, ബ്ലോക്ക് നമ്പർ 48–ൽ റീസർവ്വേ നമ്പർ 94/3–1, 95–1–7, 95/1–7–1, 95/9–1– എന്നിവയിൽ ഉൾപ്പെട്ട ആകെ 2295 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്തിൽനിന്നും വേർതിരിച്ച 1194.05 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 60.52 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളും , 160 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കനോപ്പിയും നിർമ്മിക്കുന്നതിന് സൂചന (2) പ്രകാരം മുഖ്യനഗരാസൂത്രകന്റെ കൺകറൻസ് ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ–2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും , കെട്ടിടങ്ങളുടെ ലേ -ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പ് വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**<u>നിബന്ധനകൾ</u>**

1. കെ.എം.ബി.ആർ–2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. ഖര–ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
6. പരിസരമലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പ വരുത്തണം.

7. ചട്ടം 5(4–12) പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനം ഉറപ്പ വരുത്തണം.
8. ചട്ടം 79(7) പ്രകാരം ദ്രവ മാലിന്യ സംസ്കരണ സംവിധാനം, മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം എന്നിവ ഉറപ്പ വരുത്തണം.
9. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം (ചട്ടം 42) നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.
10. കെ.എം.ബി.ആർ–2019–നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.എം.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. **37**/2021/KTM)

SUJA MATHAI, TP TPKTYM, O/O TP TPKTYM

സെക്രട്ടറി
ഈരാറ്റുപേട്ട നഗരസഭ (പ്ലാൻ 1 സെറ്റ് ഉം, ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവും സഹിതം)
പകർപ്പ് :

1. ശ്രീ.കിഷോർ മാത്യു, പ്ലാത്തോട്ടത്തിൽ, ഈരാറ്റുപേട്ട പി.ഒ, ഈരാറ്റുപേട്ട

2. അധികം –1